LIBRARY ARCHIVES Kerala Legislative Assembly

മണിചെയിൻ, വിസ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് കേസുകൾ

177 (2047) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിസാ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് എന്നിവ സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകളിൽ പ്രതികളായ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; എത്രപേർ അറസ്റ്റ് ചെയ്യപ്പെടാനുണ്ട് ; വ്യക്തമാക്കുമോ ;

(സി) മണി ചെയിനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പു നടന്നെന്നാണ് കണക്കാക്കിയിരിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇതുവരെ മണി ചെയിനുമായി ബന്ധപ്പെട്ട് 1248 കേസുകളും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 680 കേസുകളും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 75 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ മണി ചെയിനുമായി ബന്ധപ്പെട്ട് 454 പേരെയും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 547 പേരെയും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 33 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ മണി ചെയിനുമായി ബന്ധപ്പെട്ട് 514 പേരെയും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 300 പേരെയും, ഓൺലൈൻ തട്ടിപ്പുമായി ബന്ധപ്പെട്ട് 68 പേരെയും ഇനിയും അറസ്റ്റ് ചെയ്യേണ്ടതായുണ്ട്.

(സി) മണി ചെയിനുമായി ബന്ധപ്പെട്ട് 1,09,97,30,633 രൂപയുടെയും, 37,59,005 രൂപയുടെ ചെക്കിന്റെയും തട്ടിപ്പു നടന്നെന്നാണ് കണക്കാക്കിയിരിക്കുന്നത്.

മുഖംമൂടി ധരിച്ച് ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം

178 (2048) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 നവംബർ മാസത്തിൽ ചെമ്മനാട് വില്ലേജ് അരമങ്ങാനം ഉല്ലജി സ്വദേശി കമലാക്ഷ എച്ച്. എസ്. എന്ന വ്യക്തിയെ ഫോണിൽ വിളിച്ചു വരുത്തി കോളിയടുക്കം ശിവപുരം ക്ഷേത്രത്തിനു സമീപം മുഖംമൂടി ധരിച്ച് ആക്രമിച്ച് പരുക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; ഇതുവരെ ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത കേസ് ആദ്യം അന്വേഷിച്ചത് ആരായിരുന്നു; ഈ അന്വേഷണ സംഘത്തെ പ്രതികളെ പിടിക്കുന്ന ഘട്ടത്തിലെത്തിയപ്പോൾ മാറ്റുന്ന നടപടി സ്വീകരിച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) മേൽ സംഭവത്തിൽ ഇതുവരെ പ്രതികളെ പിടികൂടാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വിദ്യാനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 698/2013 u/s 143, 147, 148, 341, 324, 308 r/w 149 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല

(സി) വിദ്യാനഗർ അഡീഷണൽ പോലീസ് സബ് ഇൻസ്പെക്ടർ ആണ് ഈ കേസ് അന്വേഷിച്ചുവരുന്നത്. അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിയിട്ടില്ല.

(ഡി) ടി കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

ആംഡ് പോലീസ് ബറ്റാലിയനിലെ തിരുവനന്തപുരം ജില്ലയിലെ ഡ്രൈവർ തസ്തികകൾ

179 (2049) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര ഡ്രൈവർ തസ്തികകൾ ഉണ്ടെന്നും അവയിൽ ഇപ്പോൾ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) 2017 ഡിസംബർ വരെ പ്രസ്തുത തസ്തികയിൽ റിട്ടയർമെന്റുകളിലൂടെ എത്ര ഒഴിവുകൾ ഉണ്ടാകും എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തെ ആംഡ് പോലീസ് ബറ്റാലിയനായ എസ്.എ.പി.-യിൽ ഡ്രൈവർ എസ്.ഐ.-യുടെ ഒരു തസ്തികയും ഡ്രൈവർ എച്ച്.സി/പി.സി.-യുടെ 46 തസ്തികകളും നിലവിലുണ്ട്. ആയതിൽ 17 ഡ്രൈവർ എച്ച്.സി./പി.സി. തസ്തികകളിൽ ഒഴിവുണ്ട്.

(ബി) 2017 ഡിസംബർ വരെ ഡ്രൈവർ തസ്തികയിൽ റിട്ടയർമെന്റുകളിലൂടെ 5 ഒഴിവുകൾ ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly